# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3113**

21/06/2013 - ലെ മറുപടിയ്ക്ക്

## വരൾച്ചമൂലമുള്ള വിളനാശം തടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| **(എ)** | സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചയിൽ നശിപ്പിക്കപ്പെട്ട നെൽ കൃഷിയെ സംബന്ധിച്ച് കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | **(എ)** | ഉണ്ട്. സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചയും ജലലഭ്യതക്കുറവും കാരണം 16338.3 ഹെക്ടറിലെ നെൽകൃഷി നശിച്ചിട്ടുണ്ട്. അതു കാരണം നെൽ കർഷകർക്ക് 65.35 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **(ബി)** | വിളനാശം സംഭവിച്ച കർഷകർക്ക് സമയബന്ധിതമായി ധനസഹായം നൽകിയിട്ടുണ്ടോ ; | **(ബി)** | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ 3737 കർഷകർക്ക് 44,02,452/- രൂപ ധന സഹായമായി നൽകിയിട്ടുണ്ട്.<br>വരൾച്ചമൂലം കൃഷി നശിച്ച എല്ലാ കർഷകരുടേയും അപേക്ഷകൾ കൃഷി ഭവനുകളിൽ സ്വീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(സി)** | വരും വർഷങ്ങളിൽ വരൾച്ച മൂല മുള്ള വിളനാശം തടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവ ലംബിക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ ; | **(സി) & (ഡി)** | വരും വർഷങ്ങളിൽ വരൾച്ച മൂലമുള്ള വിള നാശം തടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് (കൃഷി), ഡോക്ടർ പി.രാജശേഖരൻ ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. വരൾച്ചമൂലമുള്ള പ്രശ്ന ങ്ങൾ ദൂരീകരിക്കുന്നതിനായി ഹ്രസ്വകാല-ദീർഘകാല പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനാണ് ഈ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളത്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കാൻ |
| **(ഡി)** | ഇല്ലെങ്കിൽ അതിനുവേണ്ടി സാധ്യ താപഠനം നടത്താൻ ഉദ്ദേശിക്കു ന്നുണ്ടോ; വിശദാംശം നൽകുമോ? | | |

ശേഷിയുള്ള നെല്ലിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ നടന്നു വരുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ അതിജീവിക്കാനുള്ള നെല്ലിനങ്ങളുടെ കഴിവ് പരിശോധിക്കാനും അവ ഉപയോഗപ്പെടുത്തി ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ ഉരുത്തിരിച്ചെടുക്കാനും ഉള്ള ഗവേഷണ പദ്ധതികളും സർവ്വകലാശാലയിൽ നടക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ബാധിച്ച പ്രദേശം (ഹെക്ടറിൽ) | കണക്കാക്കിയ നഷ്ടം (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 823.2 | 3,29,28,000 |
| കൊല്ലം | 421.78 | 1,68,71,200 |
| ആലപ്പുഴ | 3357.77 | 13,43,10,800 |
| പത്തനംതിട്ട | 15.5 | 6,20,000 |
| കോട്ടയം | 4380.82 | 17,52,32,800 |
| ഇടുക്കി | 32 | 12,80,000 |
| എറണാകുളം | 51.33 | 20,53,200 |
| തൃശ്ശൂർ | 361.06 | 1,44,42,400 |
| പാലക്കാട് | 6300.24 | 25,20,09,600 |
| മലപ്പുറം | 165 | 6,60,000 |
| കോഴിക്കോട് | 50 | 20,00,000 |
| വയനാട് | 106.4 | 42,56,000 |
| കണ്ണൂർ | 129.2 | 51,68,000 |
| കാസർഗോഡ് | 144 | 57,60,000 |
| **ആകെ** | **16338.3** | **6,53,53,20,000** |

സെക്ഷൻ ഓഫീസർ